**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **10-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ നിന്നും 969 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ചെറയക്കോട് പാലത്തിന് സി.ആർ.ഐ.എഫ്-സേതുബന്ധൻ പദ്ധതിയിലും ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ നിന്നും 06/06/2023 തീയതിയിലെ സ.ഉ.(സാധാ) നം.733/2023/ പൊ.മ.വ. ഉത്തരവ് പ്രകാരം 969 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മഞ്ചേരി നിയോജക മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ചെറയക്കോട് പാലത്തിന് സി.ആർ.ഐ.എഫ്. - സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി 12/06/2024 തീയതിയിലെ സ.ഉ.(സാധാ)നം.572/2024/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് ദേശീയപാതാവിഭാഗത്തിന് കീഴിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പാലത്തിന് വകുപ്പ് നേരത്തെ നല്കിയ ഭരണാനുമതിക്ക് പകരമായി എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ തന്നെ പുളിയന്തോട് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പുളിയൻതോട് പാലം പുനർനിർമ്മാണം ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ ബജറ്റ് വിഹിതം ഇല്ലാത്തതിനാൽ നേരത്തെ ഡെഫർ ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ഭരണാനുമതി നൽകിയ തുക, മഞ്ചേരി മണ്ഡലത്തിലെ പുളിയന്തോട് പാലം നിർമ്മിക്കാൻ മാറ്റി വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ, വിശദമായ റിപ്പോർട്ട് സഹിതം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |
| (സി) | പുളിയന്തോട് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വിശദമാക്കുമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ